A2-770/19

**കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്**

**പുനർലേലം/ക്വട്ടേഷൻ പരസ്യം 2019–20**

മാന്യരെ ,

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ ഇനത്തിന്റെ (നിലവിലെ അവസ്ഥയിൽ) 31.03.2020 തീയതി വരെയുള്ള നടത്തിപ്പ് അവകാശം പ്രത്യേകം തയ്യാറാക്കി പഞ്ചായത്ത് ഓഫീസിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല വ്യവസ്ഥകൾക്കു വിധേയമായി 2019 സെപ്തംബർ 2–ാം തീയതി ഉച്ചക്ക് ശേഷം 3 മണിക്ക് താഴെ പറയുന്ന സ്ഥലത്ത് വച്ച് കുഴുപ്പിള്ളി പഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് നൽകുന്നു.

1. ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും ലേലത്തിന് മുമ്പായി നോട്ടീസിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതുമാണ്.
2. ക്വട്ടേഷനുകൾ അന്നേ ദിവസം ലേല സമയത്തിനു മുൻപായി പഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനു ശേഷം ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ലേലത്തിനുശേഷം ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ലേലതുകയോ ക്വട്ടേഷൻ തുകയോ ഏതാണ് കുടുതൽ എന്ന് നോക്കി ലേലം താല്ക്കാലികമായി ഉറപ്പിക്കുന്നതുമായിരിയിരിക്കും.
3. പഞ്ചായത്തിൽ ഏതെങ്കിലും വിധത്തിലുള്ള സംഖ്യ അടക്കുവാൻ വീഴ്ചവരുത്തിയിട്ടുള്ളവർ പിഴപ്പലിശ സഹിതം തുക അടച്ചു തീർത്ത ശേഷം മാത്രമേ ലേലത്തിൽ പങ്കെടുക്കാവു.
4. ലേലം / ക്വട്ടേഷൻ തുക പ്രതീക്ഷിച്ചതിലും കുറയുകയോ മറ്റ് കാരണങ്ങൾകൊണ്ട് ലേലം നടപടികൾ നിർത്തിവയ്ക്കേണ്ടി വരികയോ റദ്ദാക്കുകയോ ചെയ്യേണ്ടിവന്നാൽ ആ വിവരം വ്യക്തമായും രേഖപ്പെടുത്തിയും ലേലനടപടികൾ നിർത്തി വയ്ക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയോ മറ്റു കാരണങ്ങൾകൊണ്ട് ലേലം നടക്കാതെ വരികയോ ചെയ്താൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് ലേലം നടത്തുന്നതായിരിക്കും.

6.കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന **നികുതികളും ചാർജ്ജുകളും** നൽകാൻ ലേലക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

**7. ഓരോ ഇനത്തിനും മറ്റു നിബന്ധനകൾ കഴിഞ്ഞ കാലങ്ങളിലെ തന്നെ ആയിരിക്കും. ലേലത്തിൽ പങ്കുകൊള്ളുവാൻ താല്പര്യമുള്ളവർ ലേലത്തിനു മുമ്പായി ലേലസ്ഥലങ്ങളും വസ്തുക്കളും കണ്ട് ബോധ്യപ്പെട്ടിരിക്കേണ്ടതാണ്**

( മറുപുറം കാണുക.....)

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ് അയ്യമ്പിള്ളി പി. ഒ

**8.നിരദ്രവ്യം ഉൾപ്പെടെ 10000/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റും ലേലസംഖ്യയുടെ പകുതി സംഖ്യയും അന്നേദിവസം തന്നെ അടക്കേണ്ടതും ബാക്കി ലേലതുക 2019 ഒക്ടോബർ,നവംബർ മാസങ്ങളിൽ 5-ാം തീയതിക്കു മുൻപായി തുല്യ ഗഡുക്കളായി അടവാക്കേണ്ടതാണ്. സാനിറ്ററി കോംപ്ലക്സുകളുടെ (3എണ്ണം) വാട്ടർചാർജ്,കറന്റ് ചാർജ് എന്നിവ ലേലക്കാരൻ തന്നെ വഹിക്കേണ്ടതാണ്.** സെക്യൂരിറ്റി നിക്ഷേപമായി അടക്കുന്ന തുകക്ക് പലിശ ലഭിക്കുന്നതല്ല

9. ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ലേലക്കാരൻ സ്വന്തം ചെലവിൽ നിയമാനുസൃത മുദ്രപത്രത്തിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന വിധത്തിൽ ഒരു കരാർ എഴുതി ഒപ്പിട്ടു തരേണ്ടതാണ്. മേൽ പറയും പ്രകാരം കരാർ എഴുതി ഒപ്പിട്ട് തരാത്തപക്ഷം മുന്നറിയിപ്പില്ലാതെ ടി ലേലം റദ്ദ് ചെയ്ത് സെക്യൂരിറ്റി നിക്ഷേപമായി അടച്ച തുകയും 1/2-ൽ ഭാഗം തുകയും പഞ്ചായത്ത് ഫണ്ടിലേക്ക് വക മാറ്റുന്നതും ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും അവ ലേലം ചെയ്യുന്നതുമാണ്. മേൽപറഞ്ഞ പ്രകാരം വീഴ്ച വരുത്തുന്ന ലേലക്കാരനെ തുടർന്നുള്ള ലേലങ്ങളിൽ പങ്കെടുക്കുവാൻ അയോഗ്യത കല്പിക്കുന്നതായിരിക്കും. ലേലവകാശം തീറു കൊടുക്കുകയോ കീഴ്ത്തുകയായി ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്നതിനു ലേലക്കാരനു അവകാശമുണ്ടായിരിക്കുന്നതല്ല.

10.ലേലസംഖ്യ നിശ്ചിത തീയതിക്കകം അടവാക്കാതിരുന്നാൽ നിയമാനുസൃതമായ പിഴപ്പലിശ ഈടാക്കുന്നതും അടക്കാതെ വീഴ്ച വരുത്തുന്ന ലേലക്കാരനെ തുടർന്ന് ആദായം എടുക്കുന്നതിൽനിന്നും ഒഴിവാക്കുന്നതും കുടിശ്ശിക തുകയും ആയതിന്റെ പലിശയും സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുകയും ബാക്കി വരുന്ന സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി കരാർ റദ്ദ് ചെയ്യുന്നതും ആയിരിക്കും. തുടർന്ന് ടി അവകാശം വീഴ്ച വരുത്തിയ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ലേലം ചെയ്ത് കൊടുക്കുന്നതും ആയിരിക്കും. അപ്രകാരം വീഴ്ച വരുത്തുന്ന ലേലക്കാരനെ പഞ്ചായത്ത് കമ്മറ്റി നിശ്ചയിക്കുന്ന കാലത്തോളം പഞ്ചായത്ത് നടത്തുന്ന ലേലങ്ങളിൽ പങ്കുകൊള്ളുന്നതിന് അയോഗ്യത കല്പ്പിക്കുന്നതായിരിക്കും.

11. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അന്വേഷിച്ചറിയാവുന്നതാണ്. Ph.0484-2488236

| ക്ര. നം | ലേലം ചെയ്യപ്പെടുന്ന ഇനം | നിരത ദ്രവ്യം/രൂപ | ലേല തീയതി | ലേലം നടത്തപ്പെടുന്ന സ്ഥലം |
|---|---|---|---|---|
| 1 | സാനിറ്ററി കോംപ്ലക്സുകളുടെ (3എണ്ണം)നടത്തിപ്പ് അവകാശം -പാർക്കിംഗ് ഏരിയയിൽ നിന്ന് വണ്ടിപേട്ടപിരിക്കൽ | 5000 | 02.09.2019 | കുഴുപ്പിള്ളി പഞ്ചായത്ത് ഹാൾ |

കുഴുപ്പിള്ളി
24.08.2019

സെക്രട്ടറി
കുഴുപ്പിള്ളി

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്